ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതുതായി പ്രവർത്തനം ആരംഭിച്ച ഓഫീസായതിനാൽ ഇപ്പോൾ നടപ്പി ലാക്കിവരുന്ന കമ്പ്യൂട്ടർവല്ക്കരണ കരാറിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത ഓഫീസ് കമ്പ്യൂട്ടർ വല്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കണിയൻ പുഴയിൽനിന്നുള്ള ഉപ്പുവെള്ളം തടയാൻ നടപടി

156 (3590) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലാ അതിർത്തിയായ കണിയൻ പുഴയിൽ നിന്നും വ്യാപക മായി ഉപ്പ് വെള്ളം കയറി ഏക്കർ കണക്കിന് നെൽകൃഷി നശിക്കുന്നതു തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ പഞ്ചായത്തിലെ നിലവിലുള്ള തലീബാൽ ഉപ്പുവെള്ള പ്രതിരോധ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ 150 ലക്ഷം രൂപ ചെലവുവരുന്ന പ്രൊപ്പോസൽ നബാർഡ് ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

വാട്ടർ അതോറിറ്റി ബിൽ കുടിശ്ശിക

157 (3591) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിക്ക് 1-4-2011-ലെ കണക്കനുസരിച്ച് ഗാർഹിക, ഗാർഹികേതര, വ്യാവസായിക, സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, പൊതുടാപ്പ്, പഞ്ചായത്ത്, വാട്ടർ കണക്ഷൻ ഉപയോഗത്തിനു വെള്ളക്കരം, ഫൈൻ, പിഴപ്പലിശ ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുക എത്ര ; ഈ തുക 1-4-2012, 1-4-2013, 1-4-2014, 1-4-2015-ൽ എത്രയായിരുന്നു ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഇക പിരിച്ചെടുക്കാൻ എന്ത നടപടികൾ സ്വീകരിച്ചു ; ഏതെല്ലാം സ്ഥാപനങ്ങൾ നാളിതുവരെ കുടിശ്ശിക അടച്ചിട്ടില്ല ;

(സി) വാട്ടർ അതോറിറ്റിക്ക് 1-4-2011 മുതൽ 1-4-2012 വരെയും 1-4-2012 മുതൽ 1-4-2013 വരെയും 1-4-2013 മുതൽ 1-4-2014 വരെയും 1-4-2014 മുതൽ 1-4-2015 വരെയും പിരിഞ്ഞു കിട്ടിയ ഇക എത്ര ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ)

1-4-2011 - 492.08 കോടി രൂപ

1-4-2012 - 500.66 കോടി രൂപ

1-4-2013 - 525.14 കോടി രൂപ

1-4-2014 - 647.20 കോടി രൂപ

1-4-2015 - 580.61 കോടി രൂപ

(ബി) സമയബന്ധിതമായി ബിൽ നൽകുകയും കൂടുതൽ കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് വിശദീകരണ നോട്ടീസ് നൽകുകയും ചെയ്യും. എന്നിട്ടും കുടിശ്ശിക അടയ്ക്കാതിരുന്നാൽ കണക്ഷൻ വിശ്ചേദിക്കും. തുടർന്നും കുടിശ്ശിക അടയ്ക്കാതിരുന്നാൽ റവന്യൂ റിക്കവറിക്ക് ശിപാർശ ചെയ്യും. ഇതിനായി 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി എല്ലാ ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിച്ച് അനവധി പരാതികൾക്ക് പരിഹാരം കാണുകയും വെള്ളക്കരം പിരിച്ചെടുക്കുകയും ചെയ്തു. കുടിശ്ശിക അടയ്ക്കാത്ത സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(സി)

2011-2012 - 341.16 കോടി രൂപ.

2012-2013 - 358.33 കോടി രൂപ

2013-2014 - 319.22 കോടി രൂപ

2014-2015 - 373.06 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly